# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 10/12/ 2019

## ബാങ്ക് കവർച്ച പ്രതി ഒരു ദിവസത്തിനുള്ളിൽ ഓച്ചിറ പോലീസിന്റെ വലയിൽ കുരുങ്ങി

കൊല്ലം : സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ഓച്ചിറ ശാഖയിൽ കവർച്ചാശ്രമം നടത്തിയ യുവാവിനെ ഓച്ചിറ പോലീസ് അറസ്റ്റ് ചെയ്തു. കായംകുളം കൃഷ്ണപുരം വയലിൽ പുത്തൻവീട്ടിൽ




ഭാസ്കരൻ മകൻ ഉണ്ണി എന്ന് വിളിക്കുന്ന അരുൺ (25) ആണ് ഓച്ചിറ പോലീസിന്റെ വലയിലായത്. ആദ്യമായി മോഷണത്തിനിറങ്ങിയ ഉണ്ണി 24 മണിക്കുറിനുള്ളിൽ പോലീസ് പിടിയിലാവുകയായിരുന്നു. വിശദമായ ചോദ്യം ചെയ്യലിൽ 45 വയസ്സുള്ള കാമുകിക്കൊപ്പം ആഡംബര ജീവിതം നയിക്കുവാനാണ് താൻ കവർച്ചയ്ക്ക് ശ്രമിച്ചതെന്ന് പിടിയിലായ ഉണ്ണി പറഞ്ഞു. താൻ രണ്ടാഴ്ച മുമ്പ് കായംകുളം കൃഷ്ണപുരം സ്വദേശിയായ തന്റെ കാമുകിക്ക് സൗത്ത് ഇന്ത്യൻ ബാങ്കിൽ അക്കൗണ്ട് തുറക്കുന്നതിലേക്കായി കാമുകിയോടൊപ്പം ബാങ്കിൽ എത്തി സാഹചര്യങ്ങൾ നിരീക്ഷിച്ചതിൽ സി.സി.ടി.വി ക്യാമറകളും, ബാങ്കിലെ പണമിടപാടുകളും, ബാങ്കിലെ ഒരു ജനലിന് കുറ്റിയും കൊളുത്തും ഇല്ല എന്ന് മനസ്സിലാക്കി വച്ചിരുന്നു. ഈ ജനൽ വഴിയാണ് മോഷണത്തിനായി ബാങ്കിനുള്ളിൽ കടന്നത്.




"അറസ്റ്റിലായ ഉണ്ണിയുമെത്ത് " സി.ഐ ആർ.പ്രകാശിന്റെ നേതൃത്വത്തിലുള്ള പോലീസ് സംഘം

മോഷണവുമായി ബന്ധപ്പെട്ട് പല സിനിമകളും കണ്ടതിന് ശേഷം, ദിലീപ് നായകനായ ക്രേസി ഗോപാലൻ എന്ന സിനിമയിലെ രംഗങ്ങൾ അനുകരിച്ചാണ് തിങ്കളാഴ്ച പുലർച്ചെ 02.45 മണിയോട് കൂടി പ്രതി ബൈക്കിൽ ബാങ്കിന്റെ പിന്നിലെത്തിയത്. തുടർന്ന് മതിൽ ചാടികടന്ന ശേഷം കൈയ്യിൽ കരുതിയിരുന്ന കുടത്തുണി ഉപയോഗിച്ച് മുഖം മറച്ചും, കോൺക്രീറ്റ് പണിക്കാരനായ അച്ഛന്റെ കൈയുറ ഒരു കൈയ്യിലും, മറു കൈയ്യിൽ പ്ലാസ്റ്റിക്ക് കവർ ഉപയോഗിച്ച് പൊതിഞ്ഞ ശേഷം കൈയ്യിൽ കരുതിയിരുന്ന

ചുറ്റിക കൊണ്ട് ജനൽ ചില്ല് അടിച്ച് പൊട്ടിച്ച് കമ്പി അറുത്ത് മാറ്റിയ ശേഷം ഉള്ളിൽ കയറി കൗണ്ടറിലെ മേശ പരിശോധിച്ചങ്കിലും പണം ലഭിച്ചില്ല, തുടർന്ന് സേഫ് റൂം തുറക്കാനുള്ള ശ്രമത്തിനിടയിൽ അലാറം മുഴങ്ങി ശബ്ദം കേട്ട് പേടിച്ച് തിരിച്ചിറങ്ങുകയായിരുന്നു എന്ന് പ്രതി വെളിപ്പെടുത്തി.

കവർച്ചാ ശ്രമത്തിനിടയിൽ അലാറം മുഴങ്ങുന്ന ശബ്ദം കേട്ട് രക്ഷപെടാൻ ശ്രമിക്കവെ ബാങ്കിൽ നഷ്ടപ്പെട്ട പ്രതിയുടെ മൊബൈൽ ഫോൺ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണം ചൊവ്വാഴ്ച പുലർച്ചേ സി.ഐ ആർ.പ്രകാശിന്റെ നേതൃത്വത്തിലുള്ള പോലീസ് സംഘത്തെ കാമുകിയുടെ വീട്ടിലെത്തിച്ചു, അവിടെ നിന്നും പോലീസ് ഉണ്ണിയുടെ ബൈക്ക് കണ്ടെത്തി തുടർന്ന് പ്രതിയെ കാമുകിയുടെ വീട്ടിൽ നിന്നും അറസ്റ്റ് ചെയ്യുകയും, ബാങ്ക് തുറക്കാനുപയോഗിച്ച ആയുധങ്ങൾ പോലീസ് കണ്ടെടുക്കുകയും ചെയ്തു. എസ്.എച്ച്.ഒ ഹരികൃഷ്ണൻ, എസ്.ഐ മാരായ നൗഫൽ, അഷറഫ്, പത്മകുമാർ, എ.എസ്.ഐ മാരായ റോബി, സുമേഷ്, എന്നിവർ ചേർന്നാണ് പ്രതിയെ പിടികൂടിയതിത്. തുടർന്ന് പ്രതിയെ കരുനാഗപ്പള്ളി കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തു.